**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2924</u>** **<u>13.03.2018 ൽ മറുപടിയ്ക്ക്</u>**

# <u>പഴയന്നൂരിലെ പച്ചക്കറികൃഷി വികസന പദ്ധതികൾ</u>

| ചോദ്യം<br>**ശ്രീ.യു. ആർ. പ്രദീപ്** | മറുപടി<br>**ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| എ) പച്ചക്കറിയുടെ പ്രത്യേക കാർഷിക വികസന മേഖലയായി 2017-18ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പഴയന്നൂരിൽ എന്തൊക്കെ പദ്ധതികളാണ് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനകം എന്തെല്ലാം കാര്യങ്ങൾ പ്രസ്തുത സ്ഥലത്ത് ചെയ്തിട്ടുണ്ട്; | എ) 19/02/2018- ലെ സർക്കാർ ഉത്തരവ് (എം.എസ്) 22/2018/എ.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം പച്ചക്കറിയുടെ പ്രത്യേക കാർഷിക വികസന മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ മേഖലയ്ക്ക് 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അടിസ്ഥാന സൗകര്യ വികസനത്തിനും, ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗിനുമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. ഫാം മെക്കനൈസേഷൻ- ഗ്രൂപ്പുകൾക്ക്- 15.00 ലക്ഷം രൂപ (സ്പ്രെയറുകൾ, ഡസ്റ്ററുകൾ, വീഡ് കട്ടറുകൾ, മിനിട്രാക്ടർ, വീൽബറോ എന്നിവ വാങ്ങുന്നതിന്)<br>2. പച്ചക്കറികളുടെ പാക്കിംങ്, ലേബലിംഗ്, റീട്ടെയിൽ മാർക്കറ്റിംഗ് എന്നിവയ്ക്കായി.- 5.00 ലക്ഷം രൂപ.<br>**ആകെ- 20.00 ലക്ഷം രൂപ**<br>പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിനാവശ്യമായ നിർദ്ദേശം കൃഷി വകുപ്പുദ്യോഗസ്ഥർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. മെക്കനൈസേഷൻ, പാക്കിംഗ്, ലേബലിംഗ്, റീട്ടെയിൽ മാർക്കറ്റിംഗ് എന്നിവയ്ക്കാവശ്യമായ 20 ലക്ഷം രൂപ ഉപയോഗപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ